8. പുല്ലൂർപാടി പാലം
9. താഴക്കോട് പാലം
10. ചേറ്റുവ പാലം
11. മൊയ്തു പാലം

റോഡ്സ് വിഭാഗത്തിലെ പാലങ്ങളുടെ വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) വീതി കുറഞ്ഞ പാലങ്ങൾ പുതുക്കിപ്പണിയാനാവശ്യമായ തുകയുടെ വിശദാംശങ്ങൾ കണക്കാക്കി വരുന്നു.

(സി) ഈ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

137 [1368] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പുതുപ്പാടി, കോടഞ്ചേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തെയ്യപ്പാറ പാലം നിർമ്മിക്കണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ;

(സി) തിരുവമ്പാടി മണ്ഡലത്തിലെ തന്നെ കുപ്പായക്കോട്, തെയ്യത്തും കടവ് എന്നീ പാലങ്ങൾ നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) പാലം നിർമ്മാണത്തിനാവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭരണാനുമതി നൽകി നബാർഡ് സഹായത്തോടെ ഈ പാലം പണികൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

കുണ്ടുവക്കടവ് പാലത്തിന്റെ നിർമ്മാണം

138 [1369] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ-ഗുരുവായൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുണ്ടുവക്കടവ് പാലത്തിന്റെ നിർമ്മാണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly